കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുവാനുള്ള പദ്ധതി

70 (4105) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത് ;

(ഡി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്.

(ബി) പുസ്തക പ്രസിദ്ധീകരണവുമായി ബന്ധപ്പെട്ട് കൃഷിപുസ്തകകോർണർ, ദർശനമാല, വനപുസ്തകകോർണർ, സഹകരണ പുസ്തകകോർണർ തുടങ്ങി നിലവിലുള്ള സ്കീമുകളെ പുനരുജ്ജീവിപ്പിച്ചു. കൂടാതെ പരിസ്ഥിതി പുസ്തകകോർണർ, നിഘണ്ടു നിർമ്മാണം, അറിവ്- നിറവ് ഗ്രന്ഥ പരമ്പര, ശ്രേഷ്ഠ മലയാള ഗ്രന്ഥാവലി, തൊഴിൽ പുസ്തക കോർണർ, ചലച്ചിത്ര പുസ്തകകോർണർ, എന്റെ കേരളം ചരിത്രവും ഭാവിയും. ശാസ്ത്ര മലയാളം തുടങ്ങിയ പ്രസിദ്ധീകരണ പദ്ധതികൾ ആരംഭിക്കുകയും ചെയ്തു. ഇതിന്റെ ഫലമായി നാല് വർഷംകൊണ്ട് 1045 ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചു.

(സി) 1. അംബേദ്കർ ഫൗണ്ടേഷന്റെ ധനസഹായത്തോടെ അംബേദ്കർ കൃതികൾ സംപൂർണ്ണമായി 40 വാല്യങ്ങളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

2. സി.എസ്.റ്റി.റ്റി. ധനസഹായം ശബ്ദാവലി നിർമ്മാണത്തിനും പാഠപുസ്തക നിർമ്മാണത്തിനുമായി ഇൻസ്റ്റിറ്റ്യൂട്ടിന് 2012-13-ൽ 28 ലക്ഷം രൂപയും 2013-14-ൽ 20 ലക്ഷം രൂപയും 2014-15-ൽ 20 ലക്ഷം രൂപയും (ആകെ 68 ലക്ഷം) ലഭിച്ചു. ഇവ പൂർണ്ണമായി വിനിയോഗിച്ച് ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുവാൻ കഴിഞ്ഞു. 2015-16-ലേക്കും പദ്ധതികൾ നൽകിയിട്ടുണ്ട്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

3. നാഷണൽ ട്രാൻസിലേഷൻ മിഷൻ എന്നിവിടങ്ങളിൽ നിന്നും ധനസഹായം ലഭിച്ചിട്ടുണ്ട്.

(ഡി) കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന് സർക്കാരിൽനിന്നും ഗ്രാന്റായി എല്ലാവർഷവും നിശ്ചിത തുക അനുവദിക്കാറുണ്ട്. 2015-16 സാമ്പത്തിക വർഷത്തിൽ നോൺപ്ലാൻ ഇനത്തിൽ 2,73,70,000 രൂപയും പ്ലാൻ ഇനത്തിൽ 1,60,00,000 രൂപയും അനുവദിച്ചിട്ടുണ്ട്.

കേരള കലാമണ്ഡലം ജീവനക്കാർ സമർപ്പിച്ച നിവേദനം

71 (4106) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള കലാമണ്ഡലം യൂണിവേഴ്സിറ്റി ടീച്ചേഴ്സ് ആന്റ് നോൺ ടീച്ചേഴ്സ് എംപ്ലോയീസ് യൂണിയന്റെ ആഭിമുഖ്യത്തിൽ ജീവനക്കാരുടെ വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടുള്ള നിവേദനം ലഭിച്ചിരുന്നോ ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത നിവേദനത്തിന്റെ അടിസ്ഥാനത്തിൽ 30-11-2013-ൽ സാംസ്കാരിക വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചർച്ച നടത്തിയിരുന്നോ : എങ്കിൽ ചർച്ചയിലെ തീരുമാനങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ ;

(സി) പ്രസ്തുത ചർച്ചയിൽ തീരുമാനമെടുത്ത കാര്യങ്ങൾ നടപ്പിലാക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ഡി) വകുപ്പ് സെക്രട്ടറിയുടെ ചർച്ചയിൽ തീരുമാനിച്ച കാര്യങ്ങൾ ഇനിയും നടപ്പിലാക്കാൻ കേരള കലാമണ്ഡലം അധികൃതർ തയ്യാറായിട്ടില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ ജീവനക്കാർ ദീർഘകാലമായി ഉന്നയിച്ചുവരുന്ന ആവശ്യങ്ങൾ നടപ്പിലാക്കുവാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. പകർപ്പ് അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

(ബി) നടത്തിയിരുന്നു. തീരുമാനങ്ങൾ അനുബന്ധം II ചേർത്തിരിക്കുന്നു.*

(സി-ഇ) വിവരം ശേഖരിച്ചുവരുന്നു.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly